പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6451

11.07.2012- ൽ മറുപടിക്ക്

## ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്:<br>,, സി.എഫ്. തോമസ്:<br>,, റ്റി.യു. കുരുവിള: | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരങ്ങളിലെ ഭൂമി ലഭ്യത കുറവായതിനാൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) സ്വീകരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം നഗരത്തിൽ കവടിയാറിലും, കൊച്ചി നഗരത്തിൽ പനമ്പിള്ളി നഗറിലും ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ പാരസ്പര്യ പ്രോജക്ട് മാതൃകയിൽ നടപ്പിലാക്കുന്നുണ്ട്. ഹൗസിംഗ് ബോർഡ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ നഗരങ്ങളിലും, പട്ടണങ്ങളിലും നടപ്പാക്കുന്ന വാടകയ്ക്ക് താമസസൗകര്യം ഒരുക്കുന്ന ഭവന പദ്ധതികളായ വനിതാ ഹോസ്റ്റലുകൾ (തൃശ്ശൂർ-പുല്ലഴി, കോഴിക്കോട് -മെഡിക്കൽ കോളേജ്), ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതി, (തിരുവനന്തപുരം-പൂജപ്പുര, തൃശ്ശൂർ -കുട്ടനെല്ലൂർ, കോഴിക്കോട്- മെഡിക്കൽ കോളേജ്), സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ (കാസർഗോഡ് -മധൂർ, ഇടുക്കി-ദേവികുളം) എന്നിവയും ഫ്ളാറ്റ് സമുച്ചയങ്ങളായാണ് വിഭാവന ചെയ്തിട്ടുള്ളത്. കൂടാതെ ബോർഡിന്റെ കൈവശമുള്ള ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾക്കനുയോജ്യമായ മറ്റു ഭൂമികളിലും ബോർഡ് ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ സംയുക്തസംരംഭപദ്ധതിയായി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനു പുറമെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന പ്രദേശങ്ങളിൽ 1000 ഫ്ളാറ്റുകൾ ഹൗസിംഗ് ബോർഡ് വഴി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ഹൗസിംഗ് ബോർഡിനെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തി പുന:സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഹഡ്കോ കടബാദ്ധ്യത തീർപ്പാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ വായ്പാ വിഭവ സമാഹരണം നടത്തുന്നതിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഹഡ്കോയ്ക്ക് 730.89 കോടി രൂപ ആകെ അടയ്ക്കേണ്ടതിൽ നിന്നും 356.668 കോടി രൂപ മുതലും പലിശയുമായി തിരിച്ചടച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വായ്പാ വിതരണം പുന:സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഭൂരഹിതരും ഭവന രഹിതരുമായ ദുർബല വിഭാഗക്കാർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നല്കുന്ന സാഫല്യം ഭവന പദ്ധതിയ്ക്കു , വേണ്ടി ഹഡ്കോ വായ്പാ ഉറപ്പാക്കി നടപ്പാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. സായൂജ്യം ഭവന പദ്ധതി, ഇന്നവേറ്റിവ് ഭവന പദ്ധതി, പാരസ്പര്യം പ്രോജക്ടുകൾ, ഹരിതഭവനം പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, സർക്കാർ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണങ്ങൾ എന്നിവയും ഹൗസിംഗ് ബോർഡിനെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പദ്ധതികളാണ്. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് ആവിഷ്ക്കരിച്ചു വരുന്ന ഹൗസിംഗ് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, പുതിയ 3 റവന്യൂ ടവറുകൾ, കട്ടപ്പനയിൽ സ്ഥാപിക്കുന്ന കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും ഹൗസിംഗ് ബോർഡിനെ ശക്തിപ്പെടുത്തുന്നതിന് സഹായിക്കുന്നവയാണ്. ബോർഡിന്റെ കൈവശമുള്ള ഭൂമികളിൽ പദ്ധതി നടപ്പിലാക്കാൻ/ മുതൽമുടക്കാൻ തയ്യാറുള്ള സംയുക്ത സംരംഭ പങ്കാളിയെ കണ്ടെത്തി സംയുക്ത സംരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ